# ശ്രീനാരായണപുരം പഞ്ചായത്തിൽ കണ്ടൽ പുനഃസ്ഥാപനത്തിന് തുടക്കം

കൊടുങ്ങല്ലൂർ ● കനോലി കനാലിന്റെ സംരക്ഷണത്തിനായി കണ്ടൽ ആവാസ വ്യവസ്ഥ പുനഃസ്ഥാപനത്തിനു ശ്രീനാരായണപുരം പഞ്ചായത്ത് തുടക്കം കുറിച്ചു. പഞ്ചായത്ത് ജൈവ വൈവിധ്യ സമിതി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷൻ, എംഇഎസ് അസ്മാബി കോളജ് സെന്റർ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സഹകരണവും കണ്ടൽ ആവാസ വ്യവസ്ഥ പുനഃസ്ഥാപന പദ്ധതിക്കുണ്ട്.

സമ്പൂർണ ജൈവ വൈവിധ്യ പരിപാലന പഞ്ചായത്ത് എന്ന നേട്ടത്തിനൊപ്പം സീറോ കാർബൺ വ്യാപനം എന്ന ലക്ഷ്യത്തിലേക്കു എത്തുന്നതിന്റെ ഭാഗമായാണിത്.

ഗോതുരുത്ത് കനോലി കനാൽ തീരത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ ഉദ്ഘാടനം ചെയ്തു. ചെയർമാൻ കെ.എ. അയൂബ് അധ്യക്ഷത വഹിച്ചു.

കണ്ടൽ ചെടി നടീൽ ഉദ്ഘാടനം സെറി കൾചർ ജില്ലാ ഓഫിസർ മീന നിർവഹിച്ചു. കെ.എച്ച്. അമിതാബച്ചൻ പദ്ധതി വിശദീകരിച്ചു.

തീരദേശ ജൈവ കവചം, കണ്ടൽ തീരങ്ങളുടെയും കുളങ്ങളുടെയും കാവുകളുടെയും നീർച്ചാലുകളുടെയും ആവാസ വ്യവസ്ഥ പുനഃസ്ഥാപനം, പച്ചത്തുരുത്തുകൾ, ഫല വൃക്ഷ തോട്ടങ്ങൾ, തൈ ഉൽപാദന നഴ്സറികൾ, വിദ്യാലയങ്ങളിലെ ജൈവ വൈവിധ്യ ക്ലബ്ബുകൾ, ബയോ പാർക്ക്, ആശയ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ എന്നിവയിലൂടെ വിവിധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. പി.എ. നൗഷാദ്, ബിഡിഒ കെ. മധുരാജ്, രഹ്ന പി. ആനന്ദ്, ബിഡിഒ അംബ്രോസ് മൈക്കിൾ, പി.വി. രാജൻ , പി.എ. ഇബ്രാഹിംകുട്ടി, കെ.ആർ. രാജേഷ്, ജിബി മോൾ, എൻ.എം. ശ്യാംലി എന്നിവർ പ്രസംഗിച്ചു.



കനോലി കനാലിന്റെ സംരക്ഷണത്തിനായി ശ്രീനാരായണപുരം പഞ്ചായത്ത് വിവിധ സംഘടനകളുമായി ചേർന്നു നടത്തുന്ന കണ്ടൽ ആവാസ വ്യവസ്ഥ പുനഃസ്ഥാപനം ഗോതുരുത്ത് കനോലി കനാൽ തീരത്തു കണ്ടൽ ചെടി നട്ടു ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.